# Dumb -founded guest

## (വാക്ക് മുട്ടിപ്പോയ അതിഥി - മത്താ : 22:8 -12)



ഒരാൾക്ക് വാക്ക് മുട്ടിപ്പോകുന്നത് ചെയ്തത് തെറ്റാണെന്ന് ബോദ്ധ്യമുണ്ടാകുമ്പോഴാണ്. തന്റെ അനുസരണം കെട്ട പ്രവർത്തി കൈയ്യോടെ പിടിച്ചപ്പോൾ ഒന്നും പറയുവാനില്ലാത്തവന് ശിഷ ലഭിക്കുന്നു. എന്നാൽ മറ്റൊരുകുട്ടർ തെറ്റ് മറച്ചുവച്ചിട്ട് ഒന്നും അറിയാത്തവരെപ്പോലെ ഇരിക്കുന്നു. എന്നിട്ട് പിടിക്കപ്പെടുമ്പോൾ ന്യായം പറഞ്ഞ് രക്ഷപ്പെടുവാൻ പല അടവുകളും പയറ്റുന്നു. ഉദാ : (1 ശമു : 15:14:26) എന്നാൽ എല്ലാം കാണുന്ന ദൈവം മനസ്താപം ലവലേശമില്ലാത്ത ഈ വ്യക്തികൾക്ക് ശിക്ഷ വിധിക്കുന്നു. യഹോവയോട് അനുസരണക്കേട് കാണിച്ചത് യാഗാർപ്പണത്തിനാണെന്ന വാദം വിലപ്പോയില്ല. ഇന്ന് സുവിശേഷത്തെ വിറ്റ് പേരും പ്രശസ്തിയും നേടുന്ന ആത്മീകരേ നിങ്ങൾ മറക്കരുത് വേദനാജനകമായ ഒരു വിധി നിങ്ങളെയും കാത്തിരിക്കുന്നുണ്ടെന്ന്.

വേറൊരുകുട്ടർ തെറ്റ് ചെയ്യില്ല എന്ന് പരസ്യ പ്രസ്താവന നടത്തുന്നു. എന്നാൽ സാഹചര്യത്തിന്റെ സമ്മർദ്ധത്തിൽ തെറ്റ് ചെയ്യുന്നു. ഇപ്രകാരമൊരു സാഹചര്യത്തിലെ പത്രോസപ്പോസ്തോലൻ താൻ തെറ്റ് ചെയ്തു എന്ന് ബോധ്യം വന്ന് എഴുന്നേറ്റപ്പോൾ കണ്ടത് തന്നെ ദയനീയമായി നോക്കുന്ന യേശുവിനെ ആണ്. ഉത്തരം മുട്ടി എതിർക്കുകയോ , മിണ്ടാതെ നിൽക്കുകയോ അല്ല ഇവിടെ പത്രോസ് ചെയ്തത്. പിന്നെയോ പുറത്തുപോയി അതി ദുഃഖത്തോടെ കരയുകയാണ് ചെയ്തത്. ഉത്തരമില്ലാതെ നിൽക്കുമ്പോഴും പശ്ചാത്താപത്തിൽ മുങ്ങിയ ഹൃദയത്തെ കാണുന്നവൻ ക്ഷമ നൽകുന്നു.

ഇന്നത്തെ നമ്മുടെ വായനാഭാഗത്ത് വാക്കു മുട്ടിയത് രാജാവ് ഒരുക്കിയ കല്യാണ സദ്യയിൽ കല്യാണ വസ്ത്രമില്ലാതെ വന്ന ഒരുവനാണ്. സ്വർഗ്ഗരാജ്യം തന്റെ പുത്രനുവേണ്ടി കല്യാണ സദ്യകഴിച്ച രാജാവിനോട് ഇവിടെ സദൃശ്യപ്പെടുത്തിയിരിക്കുന്നു. സാർവ്വത്രീകമായ വിളി നടത്തുമ്പോൾ ചിലർ അത് അവഗണിച്ച് മറ്റ് തൊഴിലിനു പോകുന്നു വേറൊരു കുട്ടർ ക്ഷണിക്കുവാൻ

വന്നവരെ അഥവാ രാജാവിന്റെ ദൗത്യവുമായി വന്നവരെ കൊല്ലുന്നു. കുപിതനായ രാജാവ് പട്ടണം ചുട്ടുകളയുമ്പോൾ അയോഗ്യരെ  കല്യാണ സദ്യയക്ക് ക്ഷണിയ്ക്കുന്നു. അവർക്ക് ആവശ്യ മായ കല്യാണ വസ്ത്രവും നൽകണമെന്ന് രാജാവ് നിർദ്ദേശിക്കുകയും ചെയ്യുന്നു.

പുരാതനകാലത്ത് രാജാക്കന്മാരും, രാജകുമാരന്മാരും അവരുടെ വിശേഷവിരുന്നുകളിൽ എത്തുന്നവർക്ക് വിശേഷ വസ്ത്രം നൽകിയിരുന്നു. ഇവരുടെ വസ്ത്ര വിചാരകന്മാരാണ് വസ്ത്ര ങ്ങൾ വിതരണം ചെയ്തിരുന്നത്.

Read ഉല്പ: (45:22), 2 രാജ (10:22) രാജാവിന്റെ മകന്റെ വിവാഹത്തിനും കല്യാണവസ്ത്രം വിതരണം ചെയ്തിരുന്നു. അത് ധരിക്കാത്തതും , തിരസ്ക്കരിക്കുന്നതും രാജാവിനോട്  കാട്ടുന്ന അനീതിയാണ്. സ്വർഗ്ഗരാജ്യത്തിന്റെ ദൃശ്യമായ വെളിപ്പാടിൽ ആയിരിക്കുന്ന അനേകർ കല്യാണ വസ്ത്രം ധരിയ്ക്കാത്തവരാണ്. അതിനാൽ അവർ തിരഞ്ഞെടുക്കപ്പെട്ടവരുമല്ല. ‘Read മത്താ (22:14) എന്നാൽ കല്യാണവസ്ത്രം ധരിച്ചവർ ഒരുക്കമുള്ളവർ ആണ്. ക്രിസ്തുവിലുള്ള യഥാർത്ഥ വിശ്വാസവും ക്രിസ്തുവിന്റെ കരുണയാലുള്ള അനുസരണവും അവർക്കുണ്ട്. നാം കല്യാണ വസ്ത്രം സ്വീകരിച്ച് ധരിച്ചവരോ ? അതോ അവഗണിച്ചവരോ ?

മണവാട്ടിയാം സഭയെ പരിശോധിക്കുവാൻ ക്രിസ്തു നമ്മുടെ നടുവിൽക്കുടി ഉലാവുന്നു. കല്യാണവസ്ത്രം ധരിക്കാത്ത ഒരുവനെ വിരുന്നുകാരുടെ ഇടയിൽ കണ്ടെത്തി. അതാ യത് രാജാവ് നൽകിയ വസ്ത്രം അവൻ അവഗണിച്ചു. സ്വർഗ്ഗരാജ്യത്തിലെത്തുവാനുള്ള യോഗ്യ ത നേടുവാൻ അനേക അവസരങ്ങൾ, സമയങ്ങൾ നമുക്ക് നൽകുന്നു. ഇത് മനപൂർവ്വം ഒഴിവാ ക്കുന്നവർക്കും, നിത്യരാജ്യത്തിലേക്ക് വേണ്ട വസ്ത്രം അലക്ഷ്യമാക്കുകയും ചെയ്യുന്നവർക്ക് യജ മാനൻ തന്നെയാണ് വിധി പ്രസ്താവിക്കുന്നത്. ദൈവത്തിന്റെ അടുക്കൽ വരുവാനുള്ള പ്രത്യേക വസ്ത്രം നഷ്ടമാക്കിയ ആദി മാതാ പിതാക്കൾ ഏദനിൽ നിന്ന് പുറത്താക്കപ്പെട്ടു. യജമാനന്റെ ചോദ്യത്തിനു മുൻപിൽ വാക്കുമുട്ടിപ്പോയവനെ രാജാവിന്റെ ആജ്ഞ  പ്രകാരം ശുശ്രൂഷകർ കയ്യും  കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കിട്ടു. അവിടെ  കരച്ചിലും പല്ലുകടിയും ഉള്ള സ്ഥലമാണ്. വിളിക്കപ്പെട്ടവർ അനേകരാണ് എന്നാൽ തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കവും . നാം തിരഞ്ഞെടുപ്പ് ലഭിച്ചവരോ ?അതോ നിത്യ ന്യായവിധിയിലേക്ക് തള്ളപ്പെടുന്നവരോ ? ഇതിൽ ഏതു കുട്ടത്തിലാകണമെന്ന് അവരവരാണ് തീരുമാനിക്കേണ്ടത്. കുഞ്ഞുങ്ങളേ ! നിങ്ങൾ എന്ത് തീരുമാനിച്ചു. നല്ല തീരുമാനം എടുപ്പാൻ ദൈവം കൃപചെയ്യട്ടെ.

ശാന്തമ്മ വർഗ്ഗീസ്

**Santhamma Varghese**

biblestudy.co.in
biblestudy.co.in@gmail.com
facebook.com/biblestudyind
instagram.com/biblestudy.co.in
twitter.com/@BibleStudyInd
youtube.com/channel/UC59JJX2dk_wuLkKT2hE0tg